File No.DME/1985/2020-G5

# കേരള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം

**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പൊതു സ്ഥലംമാറ്റം - 2020- ഫാർമസി വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിലെ അദ്ധ്യാപകരുടെ പൊതു സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

പരാമർശം:
1. 11.02.2020 തീയതിയിലെ Special Cell(GT)/4779/2019/DME നം. വിജ്ഞാപനം.
2. ഫാർമസി വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ തസ്തികയുടെ 07.07.2020 തീയതിയിലെ പൊതു സ്ഥലം മാറ്റത്തിന്റെ കരട് പട്ടിക.
3. തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ 13/8/2020 തീയതിയിലെ E2/15425/2020/MCT നം. കത്ത്.
4. കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ 14.8.2020 തീയതിയിലെ GMCKKD/2405/2020 - E10 നം. കത്ത്.
5. ഫാർമസി വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ തസ്തികയുടെ 08/09/2020 തീയതിയിലെ പൊതു സ്ഥലം മാറ്റത്തിന്റെ അന്തിമ പട്ടിക.

**ഉത്തരവ് നം: മെ.വി.വ./1985/2020-ജി5 തീയതി: 19/01/2021**

പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ, 2020 വർഷത്തെ പൊതു സ്ഥലം മാറ്റത്തിനായി ഫാർമസി വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിലെ അദ്ധ്യാപകർ ഓൺലൈൻ മുഖേന സമർപ്പിച്ച അപേക്ഷകൾ പ്രകാരം, സ്ഥലം മാറ്റത്തിന് അർഹരായവരുടെ കരട് സ്ഥലം മാറ്റ പട്ടിക പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ചു. ആയതിന്മേൽ പരാമർശം (3), (4) പ്രകാരം ലഭിച്ച പരാതികൾ, പരാതി പരിശോധിയ്ക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റി പരിശോധിച്ച്, ആയതിൽ, നിലവിലെ പൊതു സ്ഥലം മാറ്റചട്ടങ്ങൾ പ്രകാരം നിലനിൽക്കുന്ന പരാതികൾ പരിഗണിച്ച് പരാമർശം (5) പ്രകാരം അന്തിമ സ്ഥലം മാറ്റ പട്ടിക പ്രസിദ്ധീകരിച്ചു. ആയത് അനുബന്ധമായി ചേർക്കുന്നു. അന്തിമ പട്ടികയുടെ അടിസ്ഥാനത്തിൽ, ഫാർമസി വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിലെ 2020 വർഷത്തെ പൊതു സ്ഥലം മാറ്റം ചുവടെ പട്ടികയിൽ ചേർക്കും പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| പേര് | നിലവിൽ ജോലി നോക്കുന്ന മെഡിക്കൽ കോളേജ് | സ്ഥലം മാറ്റി നിയമിച്ച മെഡിക്കൽ കോളേജ് | അഭിപ്രായം |
|---|---|---|---|
| ശ്രീമതി. സജിത.ജി | ആലപ്പുഴ | തിരുവനന്തപുരം | നിലവിലുള്ള ഒഴിവിൽ |

| | | | |
|---|---|---|---|
| ശ്രീമതി. സോജ എ. | ആലപ്പുഴ | തിരുവനന്തപുരം | അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഒഴിവ് നിലവിൽ വരുന്നതുവരെ നിലവിലുള്ള ലക്ചറർ ഇൻ ഫാർമസ്യൂട്ടിക്കൽ എഞ്ചിനീയറിംഗ് തസ്തികയിൽ അക്കൊമൊഡേറ്റ് ചെയ്യുന്നു. |
| ശ്രീമതി. ദിവ്യ സി.വി. | കോഴിക്കോട് | ആലപ്പുഴ | ശ്രീമതി. സോജ എ മാറി പോകുന്ന ഒഴിവ്. |
| ശ്രീ.ബെന്നി കെ.ജെ. | ആലപ്പുഴ | കോട്ടയം | ശ്രീ.രാജ്മോഹനൻ ടി.പി മാറി പോകുന്ന ഒഴിവ്. |
| ശ്രീമതി.ഗീത വി.എസ്. | തിരുവനന്തപുരം | കോഴിക്കോട് | ശ്രീമതി.ദിവ്യ സി.വി മാറി പോകുന്ന ഒഴിവ്. |
| ശ്രീ. രാജ് മോഹനൻ ടി.പി. | കോട്ടയം | തിരുവനന്തപുരം | ശ്രീമതി.ഗീത വി.എസ് മാറി പോകുന്ന ഒഴിവ്. |

അതാത് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർ ഈ ഉത്തരവ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൻറെ ഔദ്യോഗിക വെബ് സൈറ്റിൽ നിന്നും ഡൗൺ ലോഡ് ചെയ്ത് ബന്ധപ്പെട്ട ജീവനക്കാരെ സമയബന്ധിതമായി അറിയിക്കേണ്ടതും; ടി ജീവനക്കാരുടെ വിടുതൽ / ജോലിയിൽ പ്രവേശിപ്പിക്കൽ ഉത്തരവുകൾ സമയബന്ധിതമായി പുറപ്പെടുവിക്കേണ്ടതുമാണ്. ആയത് ഈ കാര്യാലയത്തിൽ കൃത്യമായി അറിയിക്കേണ്ടതാണ്.

19/1/21

DR.REMLA BEEVI.A
DIRECTOR

സ്വീകർത്താവ്:
1. ബന്ധപ്പെട്ട അദ്ധ്യാപകർക്ക് (അതാത് പ്രിൻസിപ്പൽ മുഖാന്തിരം).
2. പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം / ആലപ്പുഴ / കോട്ടയം / കോഴിക്കോട്.

പകർപ്പ്:
1. അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള,തിരുവനന്തപുരം.
2. വെബ് സൈറ്റ് / നോട്ടീസ് ബോർഡ്.
3. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.